**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 262** **18/07/2016 ൽ മറുപടി**

## <u>പാഠപുസ്തക അച്ചടിയും വിതരണവും</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഡി.കെ.മുരളി<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ.കെ.ജെ.മാക്സി** | | **പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | ഈ അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തക അച്ചടിയും വിതരണവും പൂർത്തിയാ യിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഈ അദ്ധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ സിംഗിൾ, വാല്യം-I ഈ ഇനങ്ങളിലെ പാഠപുസ്തക അച്ചടിയും വിതരണവും പൂർത്തിയായിട്ടുണ്ട്. ഈ വർഷം ഓൺ ലൈൻ ആയി ഇന്റന്റ് സമർപ്പിച്ച ഹയർസെക്കന്ററി സ്കൂളുകളിലെ പ്ലസ് ടു പാഠപുസ്തകങ്ങളുടെ 90 ശതമാനവും പ്ലസ് വൺ പാഠപുസ്തകങ്ങളുടെ 70 ശതമാനവും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പാഠപുസ്തകങ്ങളുടെ വിതരണം വൈകാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ വർഷത്തെ അപാകതകൾ പരിഹരിച്ച് ഈ അദ്ധ്യയന വർഷം വിദ്യാർത്ഥികൾക്ക് കൃത്യമായി പുസ്തക വിതരണം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിരുന്നു. പേപ്പർ കെ.ബി.പി.എസ് നേരിട്ട് വാങ്ങുന്നതിന് അനുമതിയേകി ഇന്റന്റ് സമയബന്ധിതമായി നൽകി, മൊഡ്യൂളുകളും നൽകി, അച്ചടി നിരീക്ഷിച്ച് വിതരണത്തിനുള്ള സൊസൈറ്റി ലിസ്റ്റ് സമയത്ത് തന്നെ നൽകി, അച്ചടിക്കുന്ന പാഠപുസ്തകങ്ങൾ കെ.ബി.പി.എസ് നേരിട്ട് സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഐ.റ്റി@സ്കൂൾ സൈറ്റ് വഴി മുന്നേ തന്നെ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ടായിരുന്നു. അതോടൊപ്പം പൊതു വിദ്യാഭ്യാസ ഡയറക്ടറും ടെക്സ്റ്റ് ബുക്ക് ഓഫീസറും പാഠപുസ്തക അച്ചടിയും വിതരണവും കൃത്യമായി മോണിറ്റർ ചെയ്യുന്ന സംവിധാനവും ഏർപ്പാട് ചെയ്തിരുന്നു. വളരെ മുൻകൂട്ടി പാഠപുസ്തക അച്ചടി പ്ലാൻ ചെയ്ത് നടപ്പിൽ വരുത്തിയതിന്റെ ഫലമായിട്ടാണ് ഈ വർഷം പാഠപുസ്തക വിതരണം കാര്യക്ഷമമാക്കുവാൻ കഴിഞ്ഞത്. 03.03.2016 ലെ ജി.ഒ.(ആർ.ടി)നം. 974/2016/പൊ.വി.വ. പ്രകാരം 2016-17 അധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തക അച്ചടിയ്ക്കും വിതരണത്തിനുമായി 14.03.2016 ന കേരള ഗവൺമെന്റ് സ്ഥാപനമായ സി-ആപ്റ്റിനെ ഹയർ |

| | | | |
|---|---|---|---|
| | | | സെക്കൻഡറി ഡയറക്ടർ ചുമതലപ്പെട്ടു ത്തിയിട്ടുണ്ട്. ആയതിൽ അധ്യയന വർഷാരംഭത്തിനു മുമ്പു തന്നെ സ്കൂളുകളിൽ പാഠപുസ്തക വിതരണം പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു |
| (സി) | അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും യഥാസമയം പൂർത്തിയാക്കുന്നതിന് മുൻകൂർ നടപടികൾ സ്വീകരിക്കുമോ? | (സി) | ഇക്കാര്യത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ